പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1650 14.12.2012 – ൽ മറുപടിക്ക്

<u>മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലെ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.സി.ദിവാകരൻ : | ശ്രീ. കെ.പി . മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി.<br>1. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ മുട്ടയുടേയും പാലിന്റേയും ഉൽപ്പാദന വർദ്ധനയ്ക്കുള്ള പദ്ധതി (ഒറ്റത്തവണ കേന്ദ്രാവിഷ്കൃത പദ്ധതി-10 കോടി രൂപ)<br>2. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി വൈദഗ്ദ്ധ്യത്തിനുള്ള പരിശീലന പദ്ധതി. ഈ പദ്ധതിക്കായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>3. ഗ്രാമീണ പശ്ചാത്തല വികസന നിധി (ആർ.ഐ.ഡി.എഫ്) മുഖേന കോഴിക്കോട് ജില്ലയിൽ തിരുവാങ്ങൂർ കേന്ദ്രമാക്കി ഒരു ആധുനിക കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>4. കാസർഗോഡ് ബദിയഡുക്കയിൽ നാടൻ ജനുസുകളെ സംരക്ഷിയ്ക്കുന്നതിന് ഉദ്ദേശിച്ച് ഒരു കന്നുകാലി ഫാം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>5. രണ്ട് ആധുനിക സഞ്ചരിയ്ക്കുന്ന മൃഗാശുപത്രികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

6. വാസസ്ഥലങ്ങളിൽ വീട്ടുപടിയ്ക്കൽ മൃഗചികിൽസാ സേവനം ലഭ്യമാക്കുന്നതിന് ഒരു ബൃഹത് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി (2012-2013) വരുന്നു. ഇതിന് 6.5 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

7. ആഭ്യന്തര മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി ശക്തിപ്പെടുത്തുന്നതിനായി 10.42 കോടി രൂപ വകകൊള്ളിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. നാല് കോടി രൂപ മൃഗസംരക്ഷണ വകുപ്പിലൂടെയും 6.42 കോടി രൂപ കെ.എസ്.പി.ഡി.സി. യിലൂടെയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

8. വകുപ്പിൻ കീഴിലുള്ള കോട്ടയം ജില്ലയിലെ കാപ്പാട് പന്നി വളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി 4.89 കോടി രൂപ ഗ്രാമീണ പശ്ചാത്തല വികസന നിധിയിൽ നിന്ന് അനുവദിക്കുകയും അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

9. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം 19-ാം കന്നുകാലി സെൻസസിന്റെ കണക്കെടുപ്പുകൾ പൂർത്തിയാക്കി ക്രോഡീകരണ നടപടികൾ കൈക്കൊണ്ടു വരുന്നു.

10. കണ്ണൂർ ജില്ലയിൽ കൊമേരി കേന്ദ്രീകരിച്ച് ഒരു താറാവു വളർത്തൽ യൂണിറ്റ് സ്ഥാപിച്ചുവരുന്നു.

11. മാട്ടുപ്പെട്ടിയിൽ കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ ഒരു ഹൈടെക്ക് ഡയറി ഫാം തുടങ്ങുന്നതിന് സാധിച്ചു.

12. വകുപ്പിന്റെ കീഴിലുള്ള കന്നുകാലി ഫാമുകളായ കുരിയോട്ടുമല, വിതുര, കെ.എൽ.ഡി ബോർഡിന്റെ കീഴിലുള്ള കോലാഹലമേട് ഫാം എന്നിവയെ ആധുനിക കന്നുകാലി ഫാമുകളായി ഉയർത്തുന്നതിന് 13-ാം ധനകാര്യകമ്മീഷനിലൂടെ 60 കോടി രൂപ ലഭ്യമാക്കി നടപടി സ്വീകരിച്ചുവരുന്നു.

13. കുടപ്പനക്കുന്ന് കേന്ദ്രീകരിച്ച് ആധുനിക മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ക്ളിനിക്ക് തുടങ്ങുന്നതിന് 5.1 കോടി രൂപ 13-ാം ധനകാര്യകമ്മീഷനിലൂടെ ലഭ്യമാക്കി നടപടി സ്വീകരിച്ചു വരുന്നു.

14. കുരിയോട്ടുമലയിൽ ഹൈടെക്ക് പൗൾട്രി ഫാം കേരള പൗൾട്രി വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 10 കോടി രൂപ 13-ാം ധനകാര്യകമ്മീഷനിലൂടെ

ലഭിക്കുകയും നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

15. മൃഗസംരക്ഷണ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലനങ്ങൾ, സംരംഭകരെ വികസിപ്പിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

16. ആലപ്പുഴ ജില്ലയിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് ഒരു പുതിയ മന്ദിരം ലഭ്യമാക്കി.

17. നിരണം ഡക്ക് ഫാം നവീകരിക്കുന്നതിന്റെ ഭാഗമായി കുട്ടനാട് പാക്കേജിൽ കീഴിൽ 13-ാം ധനകാര്യകമ്മീഷനിലൂടെ 5.85 കോടി രൂപ അനുവദിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ.